# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.594 — 03/03/2020-ൽ മറുപടിക്ക്

### വെളുത്തമണലിൽ പുതിയ സെക്ഷൻ ആരംഭിക്കുവാൻ നടപടി

| | ചോദ്യം<br><br>**ശ്രീ.ആർ. രാമചന്ദ്രൻ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി നോർത്ത് ഇലക്ട്രിക്കൽ സെക്ഷനിലെ ഉപഭോക്താക്കളുടെ ബാഹുല്യം കണക്കിലെടുത്ത് തൊടിയൂർ ഗ്രാമപഞ്ചായത്തിലെ വെളുത്തമണൽ കേന്ദ്രമാക്കി ഒരു പുതിയ സെക്ഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ)<br>&<br>(ബി) | കരുനാഗപ്പള്ളി നോർത്ത് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് തൊടിയൂർ ഗ്രാമപഞ്ചായത്തിലെ വെളുത്തമണൽ ആസ്ഥാനമാക്കി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ബോർഡ് പരിശോധിച്ചിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ KSEBL ൽ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി KSEBL നടപടികൾ സ്വീകരിച്ച് വരുന്നുമുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച സാദ്ധ്യതാ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുമോ; വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ